15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552 — 30-01-2024 - ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിലൂടെയുള്ള അധിക വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതിലൂടെയും രജിസ്ട്രേഷൻ വകുപ്പ് മുഖേനയുള്ള വിവിധ സേവനങ്ങൾക്ക് മുദ്രവില, ഫീസ് നിരക്കുകൾ ഉയർത്തിയതിലൂടെയും എത്ര കോടി രൂപയുടെ അധിക വരുമാനമാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത് ; ഇതിൽ ഓരോ ഇനത്തിലും എത്ര കോടി രൂപയുടെ വരുമാനം നാളിതുവരെ ലഭിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഭൂമിയുടെ ന്യായവില 01/04/2023 മുതൽ 20% വർദ്ധിപ്പിച്ചതിലൂടെ ആയത് 2010-ലെ അടിസ്ഥാന വിലയുടെ 264 % ആയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് മുഖേനയുള്ള വിവിധ സേവനങ്ങൾക്ക് ഒടുക്കേണ്ടുന്ന മുദ്രവില, ഭൂമിയുടെ ന്യായവില എന്നിവ ഉയർത്തിയതിലൂടെയും, ഗഹാൻ രജിസ്ട്രേഷനും ഗഹാൻ റിലീസിംഗിനും ഫീസ് ഏർപ്പെടുത്തിയതിലൂടെയും ലഭിക്കാവുന്ന അധിക വരുമാനം ഉൾപ്പെടെ നടപ്പ സാമ്പത്തിക വർഷം ഏകദേശം **5872.45 കോടി** രൂപയുടെ വരുമാനമാണ് രജിസ്ട്രേഷൻ വകുപ്പിൽ പ്രതീക്ഷിക്കുന്നത്. 2023 ഡിസംബർ 31 വരെ മേൽപ്പറഞ്ഞ വർദ്ധനവിലൂടെ ലഭിച്ച അധിക വരുമാനം ഉൾപ്പെടെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ **2726.52 കോടി** രൂപയും, ഫീസിനത്തിൽ **1005.09 കോടി** രൂപയും ചേർത്ത് ആകെ **3731.6 കോടി** രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് ഈടാക്കിവരുന്ന ഒറ്റത്തവണ സെസ് ഉയർത്തിയതിലൂടെ നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2007-ൽ നിലവിൽ വന്ന കേരള റോഡ് സുരക്ഷാ നിയമത്തിലെ 10-ആം വകുപ്പ് പ്രകാരം ഈടാക്കി വരുന്ന ഒറ്റത്തവണ സെസ് ഉയർത്തിയതിലൂടെ പ്രതി വർഷം **7 കോടി** രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. നടപ്പ സാമ്പത്തിക വർഷം ഡിസംബർ വരെ മോട്ടോർ വാഹന വകുപ്പിൽ ഈ ഇനത്തിൽ ഏകദേശം **4 കോടി** രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ